# മനസ്സിൻെറ ത്രിമാന മാനങ്ങൾ

## (അബ്ദുൾ പുന്നയൂർക്കുളത്തിൻെറ അഞ്ചു കഥകൾ)

### സുധീർ പണിക്കവീട്ടിൽ

പ്രശസ്ത അമേരിക്കൻ മലയാളി എഴുത്തുകാരൻ ശ്രീ അബ്ദുൾ പുന്നയൂർക്കുളത്തിൻെറ തിരഞ്ഞെടുത്ത അഞ്ചുകഥകളെക്കുറിച്ച് പഠിക്കുമ്പോൾ മനുഷ്യ മനസ്സുകളെക്കുറിച്ച്



പൊതുവായുള്ള ചിലകാര്യങ്ങൾ അറിഞ്ഞിരിക്കുന്നത് ഉപകാരപ്രദമായിരിക്കും. സ്രുഷ്ടിപരമായ ധിഷണാവിലാസം ഒരാളിൽ പ്രവർത്തിക്കുന്നത് അയാളുടെ മനസ്സിൻെറ പ്രവർത്തനം അനുസരിച്ചിരിക്കും. ഫ്രഞ്ച് ഗണിതശാസ്ത്രജ്ഞനായ ഹെൻറി പോയങ്കെർ അഭിപ്രായപ്പെട്ടത് മനുഷ്യൻെറ ബോധമണ്ഡലം സങ്കുചിതവും അബോധമണ്ഡലം വികാസമേറിയതുമാണെന്നാണ്. സർഗ്ഗശക്തിക്ക് ഒരു നിശ്ചിത കാലയളവിലുള്ള ബോധപൂർവമായ പ്രയത്നവും തുടർന്നുള്ള വിശ്രമവും ആവശ്യമാണെന്ന് അദ്ദേഹം കണ്ടു. ഒരു തിരശ്ശീലക്ക് പുറകിലിരുന്ന് നമ്മുടെ ബോധമനസ്സ് ഓരോ പ്രശ്നങ്ങളേയും കുറിച്ച് പഠിക്കാൻ പ്രയത്നിക്കുന്നു. മനസ്സിനു മൂന്നു തലങ്ങൾ ഉണ്ടെന്നു ഫ്രോയിഡും പറയുന്നു. സൂക്ഷ്മ മനസ്സ്, ബോധമനസ്സ്, അബോധമനസ്സ്. ബോധമനസ്സിനും അബോധമനസ്സിനും ഇടയിൽ ഒരു കാവൽക്കാരനെപോലെ സൂക്ഷ്മമനസ്സു നിലകൊള്ളുന്നു. മനസ്സിനെ മഞ്ഞുമലയോട് (iceberg) അദ്ദേഹം താരതമ്യം ചെയ്തിട്ടുണ്ട്. മഞ്ഞുമലയുടെ മുകൾഭാഗം അതായത് വെള്ളത്തിനു മുകളിലുള്ള ഭാഗം നമുക്ക് കാണാവുന്നത്, അതാണു ബോധമനസ്സ്. വെള്ളത്തിൽ മുങ്ങിക്കിടക്കുന്ന, പക്ഷെ കുറച്ചുഭാഗം കാണാവുന്ന അതാണു ബോധമനസ്സിനു മുമ്പുള്ള സൂക്ഷ്മമനസ്സ്. വെള്ളത്തിനടിയിൽ കാണാതെ കിടക്കുന്ന ഭാഗമാണു അബോധമനസ്സ്. അബോധമനസ്സ് ദുഷ്പ്രാപ്യമെങ്കിലും ചിലപ്പോൾ അതിലെ വിഷയങ്ങൾ കുമിളപോലെ പൊങ്ങിവരാം സ്വപ്നം പോലെയോ അബദ്ധം പറയുന്നപോലെയോ. അബോധമനസ്സ് ചിലപ്പോൾ ബോധമനസ്സിലേക്ക് തള്ളിക്കയറുമ്പോഴാണു ചിലർ ഇപ്പോഴത്തെ പെൺസുഹ്രുത്തിൻെറ പേരിനു പകരം പഴയ പെൺസുഹ്രുത്തിൻെറ പേരു പറയുന്നത്.

ശ്രീ പുന്നയൂർക്കുളത്തിൻെറ **സ്വപ്നത്തിൽ കണ്ട താടിക്കാരൻ** എന്ന കഥയിലെ നായകൻെറ അബോധമനസ്സിൽ നിറയെ ചിന്തകളാണ്. അബോധമനസ്സിൽ കെട്ടിക്കിടക്കുന്നത, വാസ്തവത്തിൽ പരിഹാരങ്ങൾ ഇല്ലാത്ത ചിന്തകളാണ്. അതു നേരത്തെ സൂചിപ്പിച്ചപോലെ കുമിളകളായി പുറത്തു ചാടും. ചിലപ്പോൾ സ്വപ്നമായും. ഈ

കഥയിലെ നായകൻ അയാളുടെ ജോലിയിൽ ത്രുപ്തനല്ല. അതുകൊണ്ട് അയാൾക്ക് മാനസികസംഘർഷങ്ങൾ ഉണ്ട്. തന്നെയുമല്ല സ്വന്തം കാര്യം മാത്രം നോക്കാതെ കുറച്ചെങ്കിലും പരോപകാരം ചെയ്യണമെന്ന് അയാളുടെ മനസ്സാക്ഷി അയാളെ അലട്ടുന്നു. പക്ഷെ ഭാര്യയോട് പറയാൻ ആത്മവിശ്വാസം പോരാ. അതേസമയം അയാൾക്കറിയാം ജോലി ഉപേക്ഷിച്ച് കഴിഞ്ഞാൽ ജീവിതം തുടരാൻ പ്രയാസമാകുമെന്ന്. പക്ഷെ മനസ്സ് പ്രക്ഷുബ്ധമാണു. കഥയിലെ നായകൻ അനുഭവിക്കുന്ന മാനസികസംഘർഷങ്ങൾ ശ്രീ അബ്ദുൾ പ്രതിപാദിക്കുന്നത് ചുരുക്കമായിട്ടാണെങ്കിലും അവയെല്ലാം വായനക്കാരുടെ മനസ്സിലേക്ക് കഥാനായകന്റെ അവസ്ഥയെക്കുറിച്ചുള്ള വ്യക്തമായ വിവരണങ്ങൾ നൽകുന്നു. മനസ്സ് വേവലാതിപ്പെടുമ്പോൾ പൂക്കൾക്ക് ആശ്വസിപ്പിക്കാനുള്ള കഴിവുണ്ടു; ഭാര്യയുടെ സൗന്ദര്യത്തിനും. നമ്മുടെ കഥാനായകൻ ഭാര്യയുടെ സൗന്ദര്യം കാണുന്നെങ്കിലും പൂക്കളിലേക്ക് നോക്കിയിരിക്കാൻ ഇഷ്ടപ്പെടുന്നു. അപ്പോൾ അയാളിൽ ഒരു കുറ്റബോധമുണ്ടെന്നു നമ്മൾ മനസ്സിലാക്കുകയാണ്.

ഈ കഥയിൽ നായകന്റെ ബോധമനസ്സിന്റെയും അബോധമനസ്സിന്റെയും കാവൽക്കാരനായ സൂക്ഷ്മമനസ്സ് കുറച്ചുനേരത്തേക്ക് അതിന്റെ നിയോഗം മറന്നുകളഞ്ഞു. അല്ലെങ്കിൽ സ്വപ്നം അയാൾ ഭാര്യയോട് പറയില്ലായിരുന്നു. സ്വപ്നങ്ങൾ നമുക്ക് പലപ്പോഴും മനസ്സിലാകാത്തതിനു കാരണം അവ പലപ്പോഴും പ്രതീത്മകമായിട്ടാണു കാണുകയെന്നതാണു. ഈ കഥയിലും നായകൻ കുഷ്ഠം പിടിച്ചുകിടക്കുമ്പോൾ ഒരു പാതിരി വന്നുപദേശിക്കുന്നുണ്ട്. പാതിരിമാർ എല്ലാവർക്കും ക്ഷേമം നേരുന്നവരായിരിക്കണം. അതുകൊണ്ട് നായകന്റെ കുഷ്ഠവും മാറണം എന്നാൽ രോഗം അനുഭവിക്കുന്നവർക്ക് സഹായവും കിട്ടണമെന്നു ഉപദേശിക്കുന്നു. ഈ കുഷ്ഠവും പാതിരിയുമൊക്കെ നായകന്റെ മനസ്സിൽനിന്നു ഒരു രാത്രി ഇറങ്ങിവന്നതല്ല. അയാളുടെ ബോധമനസ്സിൽ ഉണ്ടായികൊണ്ടിരുന്ന അശാന്തി അബോധമനസ്സിൽ കയറി സൂക്ഷ്മമനസ്സിന്റെ കണ്ണുവെട്ടിച്ച് ചാടിവന്നിരിക്കുകയാണ്. കഥാക്രുത്ത് തനിക്ക് ചുറ്റും നടക്കുന്ന ജീവിതത്തെ സുസൂക്ഷ്മം നിരീക്ഷിക്കുമ്പോൾ കണ്ടെത്തുന്ന സംഭവങ്ങളുടെ ഒരു അവതരണമാ ണീ കഥ.

**ഇറ്റലിയൻ അയൽക്കാരൻ** എന്ന കഥയും മനുഷ്യരുടെ മന:ശാസ്ത്രവുമായി ചേർന്നുനിൽക്കുന്നു. കഥാക്രുത്ത് മനശാസ്ത്ര വിഷയത്തിൽ ബിരുദധാരിയും അതു തന്റെ കർമ്മഭൂമിയാക്കി സേവനമനുഷ്ഠിക്കുകയും ചെയ്ത വ്യക്തിയായതിനാൽ കഥകളിൽ അവയുടെ പ്രതിഫലനങ്ങൾ സ്വാഭാവികം. എഴുത്തുകാരിൽ ജിജ്ഞാസയുളവാക്കുക മാത്രമല്ല കഥയുടെ ഉദ്ദേശ്യം. കഥയിലൂടെ ചില യാഥാർത്ഥ്യങ്ങൾ നിവർന്നുവരുന്നു. അയൽക്കാരെ അങ്ങനെ സ്നേഹിക്കാനൊന്നും പോകരുതെന്ന ഒരു സന്ദേശവും കഥയിൽ വരുന്നില്ലേ? അമേരിക്കയിൽ പലസ്ഥലത്തും നടന്നിട്ടുള്ള സംഭവങ്ങൾ അവിശ്വസനീയങ്ങളാണ്. മാനസികാസ്വാസ്ഥ്യം മൂലം ആളുകൾ നടത്തിയ ക്രൂരക്രുത്യങ്ങൾ മനുഷ്യമനസ്സാക്ഷിയെ ഞെട്ടിക്കുന്നതായിരുന്നു. ബന്ധങ്ങളിൽ വിള്ളലുകൾ ഉണ്ടാകുമ്പോൾ മനുഷ്യർ ക്രൂരരാകുകയും ചിലർ അതു പാവം മ്രുഗങ്ങളെ

ബലിയാടുകളാക്കി പൈശാചിക സംത്രുപ്തിനേടുകയും ചെയ്യുന്നു. ഈ കഥയിലെ നായകൻെറ മാനസികാവസ്ഥ അയാൾ ചെയ്തകുറ്റം മറ്റൊരാളിൽ ആരോപിക്കുന്നതാണ്. ആ ആരോപണം അവസാനംവരെ വായനക്കാർ വിശ്വസിക്കുംവിധം കഥാക്രുത്ത് നൽകുന്നു. ഇടക്കെല്ലാം ചില സൂചനകൾ നൽകികൊണ്ട്. അത്തരം സൂചനകൾ കഥയുടെ കെട്ടുറുപ്പ് ഭദ്രമാക്കുന്നു.

**അമ്മയ്ക്കും അച്ഛനുമിടയിൽ** എന്ന കഥ മലയാളിവായനകാർക്ക് വളരെ പരിചിതമെങ്കിലും അതിൻെറ ഒരു നൂതനാവിഷ്ക്കാരണമാണീ കഥ. കേരളത്തിൽ കൂടുതലായി കണ്ടിരുന്ന ഒരു സംഭവത്തിൻെറ വ്യത്യസ്ത കാഴ്ച്ചപ്പാടുകളിലൂടെ കഥയുടെ ചുരുൾ നിവരുന്നു. കഥാതന്തുവിനെ സ്പർശിച്ചുകൊണ്ട് ചുരുക്കി പറയുന്ന ഒരു രീതി ശ്രീ പുന്നയൂർക്കുളത്തിൻെറ കഥകളിൽ കാണാം, ജനങ്ങൾക്ക് വേണ്ടി ജീവിതം ഉഴിഞ്ഞുവച്ച ഒരാളുടെ ചിതാഭസ്മം കന്നുകാലികളെപോലെ ജനങ്ങൾ തട്ടിതെറുപ്പിക്കുന്നത് സൂചനാത്മകമാണു. കുടുംബബന്ധങ്ങൾ ശിഥിലമാക്കി സമൂഹസേവനം ചെയ്യാൻ പോകുന്നവർ തങ്ങളുടെ പ്രിയപ്പെട്ടവരുടെ വികാരങ്ങളെ വ്രുണപ്പെടുത്തുമ്പോൾ അവരുടെ സേവനം ചാരം പോലെ കാറ്റിൽ പറക്കും. കുടുംബമാണോ സമൂഹമാണോ വലുത് എന്ന ചോദ്യം ഈ കഥയിലൂടെ ഉരുത്തിരിഞ്ഞ് വരുന്നുണ്ട്. കുടുംബങ്ങളല്ലേ സമൂഹമാകുന്നത്. അപ്പോൾ ആദ്യം കുടുംബം നന്നായാൽ സമൂഹം വളരുമല്ലോ? കഥ വായിച്ചുകഴിയുമ്പോൾ സമൂഹത്തിനു വേണ്ടി സേവനം ചെയ്ത ആളിനോട് നമുക്ക് വലിയ ബഹുമാനമൊന്നും തോന്നുകയില്ല. മറിച്ച് അയാളുടെ മകൻെറ ഹ്രുദയവികാരങ്ങളാണു നമ്മെ വേദനിപ്പിക്കുക. അപ്പോൾ കഥക്രുത്ത് ഇന്നത്തെ രാഷ്ട്രീയത്തിൽ സത്യസന്ധത കാണിക്കുന്നവരോട് സഹതാപം പുലർത്തുകയും രാഷ്ട്രീയ കോമാളികളെ പരിഹസിക്കയും ചെയ്തിരിക്കുന്നു ഈ കഥയിൽ എന്നു തോന്നാം.

**സ്റ്റെല്ല എന്ന പെൺകുട്ടി** ഭാര്യ മരിച്ച ഒരാളുടെ മാനസിക വിഭ്രാന്തികൾ വിവരിക്കുന്ന കഥയാണു. ഇയാൾ ഒരു മന:ശാസ്ത്രജ്ഞനായിരുന്നു, എന്നാൽ ഭാര്യയുടെ മരണം അയാളുടെ മാനസികനിലതെറ്റിക്കുന്നു. ജീവിതത്തിൻെറ താക്കോൽ നഷ്ടപ്പെട്ടുവെന്ന് അയാൾക്ക് തോന്നി. അതുതേടി ബസ്സിൽ യാത്രചെയ്യുമ്പോൾ കണ്ടുമുട്ടുന്ന പൂർവ വിദ്യാർത്ഥിയിലൂടെ അയാൾ മനസ്സാന്നിദ്ധ്യം തിരിച്ചെടുക്കുന്നു. മന:ശാസ്ത്രജ്ഞൻെറ ഉപദേശത്തിലൂടെ ജീവിതം വീണ്ടെടുത്ത വിദ്യാർത്ഥിനി തൻെറ ഗുരുനാഥനു സ്നേഹവും കരുതലുമാണ് വേണ്ടതെന്നു മനസ്സിലാക്കി അതുനൽകുന്നു. അവൾ പക്ഷെ മന:ശാസ്ത്രത്തിൻെറ സിദ്ധാന്തങ്ങളല്ല അയാളോട് പറയുന്നത്. ഭാര്യയുടെ ഓർമ്മകൾ വരാത്തവിധം സംസാരിക്കുന്നു. നഷ്ടപ്പെട്ട താക്കോൽ മേശപ്പുറത്തോ ന്യൂസ്പേപ്പറിൻെറ അടിയിലോ കാണുമെന്നു ഉറപ്പിച്ചുപറയുന്നു. ബസ്സിൽനിന്നിറങ്ങുമ്പോൾ തിരക്ക് കൂട്ടണ്ടെന്ന ഉപദേശം നൽകുന്നു. അവളുടെ സാമീപ്യവും സാന്ത്വനവും അയാളിൽ മാറ്റങ്ങൾ വരുത്തി. മനസ്സ് എങ്ങനെയൊക്കെ പ്രതികരിക്കുന്നുവെന്നു കഥാക്രുത്തു നല്ലപോലെ മനസ്സിലാക്കുന്നു. വളരെ സ്നേഹസ്വരൂപിണിയായ ഭാര്യയുടെ വിയോഗം ഒരാളുടെ മാനസിക താളംതെറ്റിക്കുന്നു. അയാൾ ഒരു മന:ശാസ്ത്രജ്ഞനായിട്ടുകൂടി. അയാൾ

പഠിച്ച സിദ്ധാന്തങ്ങൾക്കും അനുഭവപരിചയങ്ങൾക്കും സഹായിക്കാൻ പറ്റിയില്ല. പക്ഷെ ഒരു പൂർവവിദ്യാർത്ഥിനിയുടെ സ്നേഹമസൃണമായ പെരുമാറ്റം അവരുടെ കരുണാർദ്രമായ വാക്കുകൾ അയാളെ പൂർവസ്ഥിതിയിലേക്ക് കൊണ്ടുവന്നു. സിദ്ധാന്തങ്ങളെക്കാൾ സ്നേഹപ്രകടനങ്ങളുടെ ശക്തി ഈ കഥയിൽ പ്രകടമാകുന്നു.

കഥയുടെ പേരു **പറക്കും പക്ഷിയെ പിടിക്കുന്നവർ.** ഇതു ഒരു പഴയ ചൊല്ലിന്റെ രൂപഭേദമാണു. കയ്യിലുള്ളതിനെ വിട്ടുപറക്കുന്നതിനെ പിടിക്കാൻ പോകുന്നവർ എന്ന പഴയ ചൊല്ലു. ഈ കഥ കഥാനായകനു മന:പ്രയാസം ഉണ്ടാക്കുന്നെങ്കിലും വായനക്കാരൻ അയാളുടെ പ്രയാസങ്ങൾ കണ്ടു ചിരിക്കയാണ്. കാരണം കഥാനായകനു കുരങ്ങന്റെ മനസ്സാണു. അയാളുടെ പൂത്തുനിൽക്കുന്ന ചിന്തകളുടെ കൊമ്പുകളിൽ നിന്നു കൊമ്പുകളിലെക്ക് ചാടികളിക്കുന്ന കുരങ്ങൻ. ശ്രീബുദ്ധൻ ഈ അവസ്ഥയെ ”കപിചിത്തം“ എന്നു വിശേഷിപ്പിച്ചിട്ടുണ്ട്. ഒരു പഴഞ്ചൊല്ലിനോട് അടുത്ത് നിൽക്കുന്നത്കൊണ്ട് കഥയോട് പരിചിതത്വം തോന്നാമെങ്കിലും അവതരണവും അനുയോജ്യമായ കഥാന്ത്യവും ഭംഗിയാക്കി. കാരണം സ്നേഹിച്ചവൻ വിട്ടിട്ടു പോയപ്പോൾ അവനുവേണ്ടി കാത്തിരിക്കുന്ന പഴഞ്ചൻ ആശയങ്ങളും ആദർശങ്ങളുമൊന്നും സ്വീകരിക്കാതെ ഈ കാലഘട്ടത്തിൽ ഉണ്ടാകാവുന്ന ഒരു കഥയുടെ സത്യസന്ധമായ ആവിഷ്കാരം. അതേസമയം സാങ്കേതിക വളർച്ചയുടെ ഫലമായി വിരൽത്തുമ്പുകളിൽ ലഭിക്കുന്ന സൗഹ്രുദങ്ങളുടെ കൂടെ പോയി ജീവിതം നഷ്ടപ്പെടുത്തരുതെന്ന സന്ദേശവും. മനസ്സെന്ന കുരങ്ങൻ നമ്മോടൊപ്പം എപ്പോഴുമുണ്ട്. പക്ഷെ അവന്റെ സ്വാധീനത്തിൽപ്പെട്ടുപോയാൽ ജീവിതം ഒരു കുരങ്ങുകളിയാകുമെന്നു മനുഷ്യമനസ്സുകളെ കുറിച്ച് വളരെ ജ്ഞാനമുള്ള ശ്രീ പുന്നയൂർക്കുളം മുന്നറിയിപ്പ് നൽകുന്നു.

വായനക്കാരന്റെ ചിന്താഗതിയിലൂടെ കഥയുടെഗതി നയിക്കുന്നുണ്ടൊ ശ്രീ പുന്നയൂർക്കുളം? സൂക്ഷ്മ വായന ആവശ്യപ്പെടുന്ന രചനകളുടെ കൂട്ടത്തിൽ ഈ കഥകളെ ഉൾപ്പെടുത്താം. മനുഷ്യമനസ്സുകളുടെ നിഗൂഢതയെക്കുറിച്ച് ചിന്തിക്കുമ്പോൾ കഥാപാത്രങ്ങളുടെ പ്രവർത്തികൾ മനസ്സിലാകും. അല്ലെങ്കിൽ അവ്യക്തയുടെ ചോദ്യചി□ങ്ങൾ നിറയുകയായി. കഥകളെ ചിലർ വിമർശിക്കുന്നത് അവയെ വസ്തുനിഷ്ഠമായി വിലയിരുത്തികൊണ്ടാണു. കഥകളിൽ ഭാവനാത്മകതയാണു ഉള്ളത്. കഥയിൽ ചോദ്യമില്ലെന്ന നമ്മുടെ പഴമൊഴിയിലുള്ളത് അവഗണിക്കാവുന്നതല്ല. ജീവിതാനുഭവങ്ങളെ രസാത്മകമായി അവതരിപ്പിക്കാൻ കഴിവുള്ള എഴുത്തുകാരനാണു ശ്രീ പുന്നയൂർക്കുളം. അവയൊന്നും ഒരു പുന:രാവിഷ്കാരമായി നമുക്ക് തോന്നുകയില്ല. മറിച്ച് നമ്മുടെ മുന്നിൽ അത്തരം രംഗങ്ങൾ സജീവമാകുന്ന പ്രതീതിയനുഭവപ്പെടുന്നു. പുന്നയൂർക്കുളം കഥകളിൽ ഒരു ഉൾക്കാഴ്ച്ചയുണ്ട്. നമുക്ക് പെട്ടെന്ന് തിരിച്ചറിയുന്ന ഒരു ജീവിത സംഭവം വിവരിക്കുമ്പോഴും അതിൽ നാം കാണാത്ത ഒരു തലം കഥാക്രുത്ത് പ്രകടിപ്പിക്കുന്നു.

കഥകൾ വായിക്കാൻ താൽപര്യമുള്ള വായനക്കാകാരുടെ സൗകര്യത്തിനായി ഇ–മലയാളിയിൽ വന്ന പ്രസ്തുത കഥകളുടെ ലിങ്കുകൾ താഴെ കൊടുക്കുന്നു.

https://www.emalayalee.com/varthaFull.php?newsId=175472
ttps://www.emalayalee.com/varthaFull.php?newsId=173891
https://www.emalayalee.com/varthaFull.php?newsId=173056
https://www.emalayalee.com/varthaFull.php?newsId=172086
https://www.emalayalee.com/varthaFull.php?newsId=171703

**ശുഭം**